# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1780

## 04.05.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിന് അനുമതി

| | ചോദ്യം<br>ശ്രീ.ടി.എ. അഹമ്മദ് കബീർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിനു ഭരണാനുമതി നൽകുന്ന നിലവിലെ സങ്കീർണ്ണമായ രീതി ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | ആസ്തി വികസന പദ്ധതിയ്ക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന ബഹു.എം.എൽ.എ.മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചു വരുന്നു. |
| (ബി) | ഒരു കോടി വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ ജില്ലാ ഭരണകൂടത്തിന് അനുമതി നൽകുന്നകാര്യം പരിഗണനയിലുണ്ടോ; | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | അതാത് സാമ്പത്തിക വർഷം ഡിസംബർ 31-നുള്ളിൽ തന്നെ എം.എൽ.എമാർ പ്രൊപോസൽ ധനകാര്യ വകുപ്പിൽ നൽകിയാലും അടുത്ത മാർച്ച് 31-ാം തീയതിക്കുള്ളിൽ എ.എസ് നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കുലർ നം. 19/2017/ധന. തീയതി 29.03.2017 പ്രകാരം ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകാനുള്ള അവസാന തീയതി 31.05.2017 വരെ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ